"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ത്രിതല പഞ്ചായത്തുകളിൽ നിയമനം ലഭിച്ചിട്ടുള്ള പ്രൊജക്റ്റ് അസിസ്റ്റന്റ്മാരുടെ നിലവിലെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1805/2026/LSGD തീയതി, തിരുവനന്തപുരം, 25-09-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 1846/2021/തസ്വഭവ, തീയതി 24.09.2021.
2. സ.ഉ.(സാധാ) നം. 485/2022/തസ്വഭവ, തീയതി 28.02.2022.
3. സ.ഉ.(സാധാ) നം. 814/2022/തസ്വഭവ, തീയതി 31.03.2022.
4. സ.ഉ.(സാധാ) നം. 1044/2023/തസ്വഭവ, തീയതി 15.05.2023.
5. സ.ഉ.(സാധാ) നം. 914/2024/തസ്വഭവ, തീയതി 25.05.2024.
6. സ.ഉ.(സാധാ) നം. 1146/2025/തസ്വഭവ, തീയതി 09.05.2025.
7. സ.ഉ.(അച്ചടി) നം. 54/2025/ധന, തീയതി 19.04.2025.
8. സ.ഉ.(അച്ചടി) നം. 24/2026/ധന, തീയതി 18.02.2026.
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2026 ലെ LSGD/PD/67575/2023-DEF6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി കരാർ അടിസ്ഥാനത്തിൽ ഒരു പ്രൊജക്റ്റ് അസിസ്റ്റന്റ് -നെ നിയമിക്കുന്നതിന് പരാമർശം (1), (2) പ്രകാരം അനുമതി നൽകിയും, അപ്രകാരം നിയമിക്കപ്പെട്ടവരുടെ സേവന കാലാവധി പരാമർശം (3), (4), (5), (6) പ്രകാരം ദീർഘിപ്പിച്ചും ഉത്തരവായിരുന്നു.

2). പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് eGSPI മുഖേനയുള്ള പ്രവർത്തനങ്ങളിൽ തീം പ്രകാരം അടുത്ത 7 വർഷത്തിനുള്ളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അവയെ 9 തീമുകളായി

സംയോജിപ്പിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഈ തീമുകൾ വീണ്ടും ഒന്നിലധികം SDG-കളുമായി ബന്ധപ്പെടുത്തി 2030-നകം അവ സാച്ചുറേറ്റഡ് ലെവൽ എത്തിക്കുന്നതിനായി ഇ-ഗ്രാം സ്വരാജ് പോർട്ടൽ വഴി തീമാറ്റിക് പ്രോജക്റ്റുകൾ എൻടി വരുത്തുക, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് പ്രോജക്റ്റുകളുടെ പല ഘട്ടങ്ങളിലുമുള്ള ജിയോറ്റാഗിംഗ് ചെയ്യുന്നതിനും, വൈബ്രന്റ് ഗ്രാമസഭ പോർട്ടൽ ഷെഡ്യൂൾ ചെയ്യൽ, GPDP പോർട്ടലിൽ ഷെഡ്യൂൾ ചെയ്യൽ, ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കി പെയ്മെന്റ് നടപടികൾ പൂർത്തീകരിക്കുന്നതും, അതത് ദിവസങ്ങളിലെ ഡേ ബുക്ക്, അതത് മാസങ്ങളിലെ Month ബുക്ക് ക്ലോസ്, ബാങ്ക് റീകൺസിലേഷൻ പോർട്ടലിൽ രേഖപ്പെടുത്തൽ, ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ നിരന്തരം വരുന്ന പ്രശ്നങ്ങൾ പദ്ധതിയുടെ ചെലവ് പുരോഗതിയെ ബാധിക്കാതെ അവ പരിഹരിക്കുന്നതിനും, പഞ്ചായത്തുകളിൽ ലഭ്യമാകുന്ന എസ്.ബി.എം. ഫണ്ട്, ഹെൽത്ത് ഗ്രാന്റ് എന്നിവയുടെ PFMS മുഖേനയുള്ള വിനിയോഗം, പഞ്ചായത്ത് ഡെവലപ്മെന്റ് ഇൻഡക്സ് (PDI) തയ്യാറാക്കൽ, ഗുണഭോക്താക്കളുടെ അക്കൗണ്ട് ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ മാപ്പ് ചെയ്യൽ എന്നിവയ്ക്കും വിവിധ പദ്ധതികളുടെ ഡേറ്റാ എൻടി നടത്തൽ, ഗ്രാമസഭ മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രോജക്റ്റ് അസിസ്റ്റന്റ്മാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നും, ആയതിനാൽ പ്രൊജക്റ്റ് അസിസ്റ്റന്റ്മാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (9) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) പ്രകാരം ത്രിതലപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള പ്രൊജക്റ്റ് അസിസ്റ്റന്റ്മാരുടെ കരാർ കാലാവധി 2026 ഏപ്രിൽ 1 മുതൽ, ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.1) പ്രൊജക്റ്റ് അസിസ്റ്റന്റ്മാരുടെ പ്രവർത്തനകാര്യക്ഷമത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വിലയിരുത്തേണ്ടതാണ്. പ്രവർത്തനകാര്യക്ഷമത തൃപ്തികരമെങ്കിൽ ആവശ്യമായ സർവീസ് ബ്രേക്ക് നൽകിയ ശേഷം കരാർ നീട്ടി നൽകുന്നതിന് / തൃപ്തികരമല്ലെങ്കിൽ സേവനം അവസാനിപ്പിക്കുന്നതിന് അതാത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്മിറ്റി തീരുമാനങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്തുകൾ ക്ക് പുതിയ പ്രൊജക്റ്റ് അസിസ്റ്റന്റ്മാരെ നിയമിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.2) സി എഫ് സി ഫണ്ട് കൈമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ ഉൾപ്പെട്ടതായി കണ്ടെത്തിയ പ്രൊജക്റ്റ് അസിസ്റ്റന്റ്മാരുടെ സേവനം ഉടനടിയോ അല്ലെങ്കിൽ കരാർ കാലാവധി അവസാനിച്ച തീയതിയിലോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ അവസാനിപ്പിക്കേണ്ടതാണ്.

3.3) പ്രോജക്ട് അസിസ്റ്റന്റുമാരുടെ വേതനവും ശമ്പളച്ചെലവുകളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ (Own Source Revenue) നിന്ന് മാത്രം പൂർണ്ണമായും വഹിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി സംസ്ഥാന സഞ്ചിത നിധിയിൽ (Consolidated Fund of the State) നിന്നോ സംസ്ഥാന ബജറ്റിൽ നിന്നോ യാതൊരുവിധ സാമ്പത്തിക സഹായമോ, ഗ്രാന്റ്-ഇൻ-എയ്ഡോ, ഫണ്ട് വകയിരുത്തലോ ലഭ്യമാക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകുമാർ എൻ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇപിഎ3/464/2025/തസ്വഭവ).

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 25-09-2026
18:35:48
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സെക്രട്ടറിയുടെ പി എ യ്ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്.